**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4970** **11-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വ്യാപനം തടയുന്നതിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ്-19 ബാധ സംസ്ഥാനത്ത് കൂടുതൽ സ്ഥലത്തേക്ക് വ്യാപിക്കുന്നത് തടയുന്നതിനായി ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; കോവിഡ് ഗുരുതരമായി പടരുന്ന നിലവിലെ സാഹചര്യത്തിൽ ഇത് വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ? | (എ) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കൂടുതൽ സർക്കാർ ആശുപത്രികളെ കോവിഡ് ആശുപത്രികളാക്കി മാറ്റുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ CFLTC, CSLTC, DCC എന്നിവ സജ്ജീകരിക്കുകയും, കൂടുതൽ കിടക്കകളും, കൂടുതൽ ഓക്സിജൻ ബെഡുകളും, ICU വെന്റിലേറ്ററുകളും സജ്ജീകരിക്കുകയും ചെയ്തു. ജനിതക മാറ്റം സംഭവിച്ച വൈറസുകളുടെ വ്യാപനം തടയുന്നതിനായി എയർപോർട്ട് അതോറിറ്റിയുടെ സഹകരണത്തോടെ അന്താരാഷ്ട്ര യാത്രക്കാരുടെ RTPCR സാമ്പിളുകൾ ശേഖരിക്കുകയും, ജനിതക മാറ്റം സംഭവിച്ച വൈറസുകളെ കണ്ടെത്താൻ ടെസ്റ്റിന് വിധേയമാക്കുകയും ചെയ്തു. ഇതര സംസ്ഥാനത്ത് നിന്നും വരുന്ന യാത്രക്കാർ 48 മണിക്കൂറിനകം നടത്തിയ RTPCR ടെസ്റ്റ് നെഗറ്റീവ് സർട്ടിഫിക്കറ്റ് കോവിഡ് ജാഗ്രതാ പോർട്ടലിൽ അപ് ലോഡ് ചെയ്യാനും ഉത്തരവിറക്കി. ടെസ്റ്റ് റിസൾട്ട് അപ് ലോഡ് ചെയ്യാത്തവരെ നാട്ടിൽ എത്തുന്ന മുറയ്ക്ക് പരിശോധനയ്ക്ക് വിധേയരാക്കുന്നു. ടെസ്റ്റിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ടെസ്റ്റിംഗ് സെന്ററുകളുടെ എണ്ണം കൂട്ടുന്നതിനായി സ്വകാര്യ മേഖലയിലെ ലാബുകൾക്കും അനുമതി നൽകി. കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ഓരോ നിയുക്ത സ്ഥലങ്ങളിലും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരിൽ നിന്നും സെക്ടറൽ മജിസ്ട്രേറ്റുമാരെ ജില്ലാ ഭരണകൂടം നിയമിക്കുകയും കോവിഡ് പ്രതിരോധ പ്രവർത്തനത്തെ നിയന്ത്രിക്കുന്നതിനായി അവരുടെ സേവനം ഉറപ്പാക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ കമ്മ്യൂണിറ്റി കിച്ചണുകൾ പ്രവർത്തനമാരംഭിച്ചു. ജനിതകമാറ്റം സംഭവിച്ച |

വൈറസുകളുടെ ട്രാൻസ്മിഷൻ കണ്ടെത്തുന്നതിനും സെന്റിനൽ സർവയലൻസ് ആരംഭിച്ചു. ഇതിനായി വിവിധ ജില്ലകളിലായി ആറ് ലാബുകളും അഞ്ച് മെഡിക്കൽ കോളേജുകളിലെ ലാബുകളും സജ്ജീകരിക്കുകയും രണ്ടാഴ്ച കൂടുമ്പോൾ ലാബുകളിൽ നിന്നും 15 RTPCR സാമ്പിളുകൾ വീതം ശേഖരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജിനോമിക് & ഇന്റഗ്രേറ്റീവ് ബയോളജി (ഐ. ജി. ഐ. ബി – ഡൽഹി) യിൽ അയച്ച് പരിശോധന നടത്തുന്നു.
ആശുപത്രികൾക്കാവശ്യമായ ഓക്സിജൻ വിതരണം ചെയ്യുന്നതിന് വേണ്ടി സംസ്ഥാന ജില്ലാ തലങ്ങളിൽ ഓക്സിജൻ വാർ റൂമുകൾ സജ്ജീകരിക്കുകയും ഓക്സിജൻ ലഭ്യത ഉറപ്പ് വരുത്തുന്നതിന് ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പൊലീസിന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും, റവന്യൂ വകുപ്പിന്റെയും സഹകരണത്തോടെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് അനുസരിച്ച് കണ്ടെയ്ൻമെന്റ് സോണുകൾ തിരിച്ച് കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ കർശനമായി നടപ്പിലാക്കി വരുന്നു.
കോവിഡ് രോഗികളിൽ കണ്ടു വരുന്ന മ്യൂക്കർ മൈക്കോസിസ്സ് (ബ്ലാക്ക് ഫംഗസ്) കൃത്യമായി എല്ലാ ദിവസവും റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ ജില്ലകളിലേക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത രോഗ ചികിത്സക്കാവശ്യമായ മരുന്നുകളുടെ ലഭ്യത KMSCL വഴി ഉറപ്പാക്കിയിട്ടുണ്ട്. ഇത്തരം കേസുകൾ കണ്ടെത്തുന്നതിനാവശ്യമായ പരിശീലനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. കോവിഡിതര രോഗികൾ ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തുന്നത് ഒഴിവാക്കുന്നതിനും അവർക്കാവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിനുമായി e Sanjeevani Tele Consultation Platform വഴി വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തുന്നുണ്ട്. എല്ലാ ജില്ലകളിലേയും സർക്കാർ സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർക്കും ജീവനക്കാർക്കും ഐ.സി.യു വെന്റിലേറ്റർ ട്രെയിനിംഗ്, മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക് ഫംഗസ്) ഇൻഫെക്ഷൻ കൺട്രോൾ എന്നിവയിൽ നിരന്തര പരിശീലനം നൽകി വരുന്നു.
ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി Break the Chain, Crush the Curve, Back to Basics, SMS തുടങ്ങിയ ക്യാമ്പയിനുകൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. എല്ലാ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും ബോധവത്ക്കരണ സന്ദേശങ്ങൾ തുടർച്ചയായി നൽകി വരുന്നു. പ്രായം ചെന്നവർ, ഗർഭിണികൾ, കുട്ടികൾ, ഹൃദ്രോഗം/കാൻസർ/ കിഡ്നി രോഗം എന്നിവ ബാധിച്ചവരെ കൊറോണ

ബാധിതരിൽ നിന്നും പൂർണ്ണമായി അകറ്റി നിർത്തുന്നതിനും സമ്പർക്കം ഒഴിവാക്കുന്നതിനും റിവേഴ്സ് ക്വാറന്റൈൻ സൗകര്യം ആരോഗ്യവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സഹായത്തോടെ ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിന് പുറമേ പോലീസ്, സാമൂഹിക ക്ഷേമ വകുപ്പ്, ആശാവർക്കർമാർ, അങ്കണവാടി ജീവനക്കാർ, വോളന്റിയർമാർ, ആർ. ആർ. റ്റി ടീമംഗങ്ങൾ എന്നിവർ കോവിഡ് രോഗികളെയും ക്വാറന്റൈനിൽ കഴിയുന്നവരെയും നിരന്തരം നിരീക്ഷിക്കുകയും അവർക്കാവശ്യമായ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ചികിത്സയിലും നിരീക്ഷണത്തിലുമുള്ളവർക്ക് മരുന്നുകളും മറ്റ് സൗകര്യങ്ങളും എത്തിച്ച് കൊടുക്കുന്നതിനും വേണ്ട മാനസിക പിന്തുണ ഉറപ്പാക്കുന്നതിനും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ‘ഒറ്റയ്ക്കല്ല ഒപ്പമുണ്ട്’ എന്ന പദ്ധതി ആരോഗ്യവകുപ്പിന്റെ മാനസികാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. സൈക്യാട്രിസ്റ്റ്, സൈക്യാട്രിസ്റ്റ് സോഷ്യൽ വർക്കർമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, കൗൺസിലേഴ്സ് എന്നിവരുടെ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. കോവിഡ് ക്ലസ്റ്ററുകൾ പ്രത്യേകം കണ്ടെത്തുകയും അവിടെ കണ്ടെയ്ന്മെന്റ്സോൺ തിരിച്ച് വ്യാപനം തടയുന്നതിന് വേണ്ട കർശന നടപടികൾ സ്വീകരിക്കുന്നു. ഇവിടങ്ങളിൽ ടെസ്റ്റിംഗ് സംവിധാനവും, ചികിത്സാ സംവിധാനവും കാര്യക്ഷമമാക്കിയിട്ടുണ്ട്. പി. എച്ച്. സി, സി. എച്ച്. സി, എഫ്. എച്ച്. സി തലത്തിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളും, താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കോവിഡ് രോഗികളിൽ ഉണ്ടാകാനിടയുള്ള പോസ്റ്റ് കോവിഡ് സങ്കീർണ്ണതകൾ യഥാസമയം കണ്ടെത്തി അവരെ ഇത്തരം റഫറൽ ക്ലിനിക്കുകളിലേക്ക് റഫർ ചെയ്യുവാനും പോസ്റ്റ് കോവിഡ് റഫറൽ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം ക്ലിനിക്കുകളിൽ എത്തുന്നവർക്ക് ആവശ്യമായ സ്പെഷ്യലിസ്റ്റ് സർവ്വീസുകളും നൽകുന്നുണ്ട്. കോവിഡ് രോഗത്തെ പ്രതിരോധിക്കുന്നതിനായി കോവിഷീൽഡ്, കോവാക്സിൻ എന്നീ പ്രതിരോധ വാക്സിനുകൾ 16.01.2021 മുതൽ ആരോഗ്യ പ്രവർത്തകർക്ക് നൽകുകയുണ്ടായി. അതിനെ തുടർന്ന് മറ്റ് വകുപ്പിലെ മുന്നണിപോരാളികൾക്കും 60 വയസ്സിന് മുകളിലുള്ളവർക്കും 45 വയസ്സിന് മുകളിലുള്ളവർക്കും 18

| | | | |
|---|---|---|---|
| | | | വയസ്സിനു മുകളില്ലുള്ളവർക്കും ഘട്ടംഘട്ടമായി വാക്സിൻ നൽകി വരുന്നുണ്ട്. എല്ലാ വിഭാഗം ജനങ്ങളിലേക്കും വാക്സിൻ എത്തിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. ഹൈറിസ്ക് പ്രദേശങ്ങളായ ആദിവാസി മേഖലകൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ പ്രായഭേദമന്യേ എല്ലാവരിലേക്കും വാക്സിൻ എത്തിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. ICMR നടത്തിയ സീറോ സർവ്വേ ഫലങ്ങളും കേരളം നടത്തിയ സീറോസർവ്വേ ഫലങ്ങളും കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കോവിഡ് ബാധിച്ചിട്ടുള്ള ആളുകളുടെ എണ്ണം കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിലുള്ള ഇത്തരം പ്രവർത്തനങ്ങളിലൂടെ കോവിഡ് വ്യാപനവും, കോവിഡ് മൂലമുള്ള മരണനിരക്കും ഒരു പരിധിവരെ നിയന്ത്രണത്തിൽ നിർത്താൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ